ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ അമ്പലങ്ങളിൽ ജനകീയ കലാപരിപാടികൾ നിരോധിച്ചുകൊണ്ടുള്ള ബോർഡിന്റെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ആവിഷ്കാര സ്വാതന്ത്ര്യത്തിൻമേലുള്ള ലംഘനമായി സർക്കാർ കരുതുന്നുണ്ടോ;

(സി) ഈ നിരോധനം പിൻവലിക്കണമെന്ന് കാണിച്ച് ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നിവേദനം സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) കലാപരിപാടികൾ അവതരണ യോഗ്യമാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നത് ആരാണ്; അതിനു യോഗ്യതയുള്ള ആൾക്കാരടങ്ങിയ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രത്തിൽ ജനകീയ കലാപരിപാടികൾ നിരോധിച്ചിട്ടില്ല. ക്ഷേത്രാന്തരീക്ഷത്തിന് ഒട്ടും യോജിച്ചതല്ലാത്ത ബ്രേക്ക് ഡാൻസ്, മിമിക്സ് പരേഡ് മുതലായവയും അതുപോലെ ഹിന്ദു മതത്തേയും ആചാരങ്ങളേയും മോശമായി ചിത്രീകരിച്ചുകൊണ്ടുള്ള ചില നാടകങ്ങളും ചില ക്ഷേത്രോപദേശകസമിതികൾ ഉത്സവ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അപ്രകാരമുള്ള പരിപാടികൾ ഒഴിവാക്കി ക്ഷേത്രാന്തരീക്ഷത്തിനു യോജിച്ച തരത്തിലുള്ള കഥകളി, ഓട്ടൻതുള്ളൽ, ഹരികഥ, മുതലായവയ്ക്ക് പ്രാധാന്യം നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്. ആൾ കേരളാ സ്റ്റേറ്റ് പെർഫോമേഴ്സ് പ്രൊട്ടക്ഷൻ കൗൺസിൽ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ഈ നിവേദനത്തിൻമേൽ ദേവസ്വം ബോർഡിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(ഡി) ദേവസ്വം ബോർഡിൽ ഇതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ലായെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

വ്യാജ ഡ്രൈവിംഗ് ലൈസൻസ് വ്യാപകമാക്കുന്നതിനെതിരെ നടപടി

9 (*369) ശ്രീ. പി.ടി കുഞ്ഞിമുഹമ്മദ് :
ശ്രീ. എളമരം കരീം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ലൈസൻസ് പരീക്ഷയ്ക്ക് നിബന്ധനകൾ കർശനമാക്കിയതിനുശേഷം വ്യാജ ഡ്രൈവിംഗ് ലൈസൻസ് വ്യാപകമാകുന്നു എന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ആർ.ടി.ഒ. ഓഫീസുകൾ കേന്ദ്രീകരിച്ചാണ് വ്യാജ ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സംഘങ്ങളുടെയും ഏജന്റുമാരുടെയും പ്രവർത്തനം തടയാനും ലൈസൻസികൾ വഞ്ചിതരാകാതിരിക്കാനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഇതു സംബന്ധിച്ച് അന്വേഷണങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല

നബാർഡ് നൽകുന്ന റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട്

10 (*370) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.1.2000 വരെ നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റു ഫണ്ടിൽനിന്ന് എന്തു തുക വായ്പയായി ലഭിച്ചിട്ടുണ്ട്;

(ബി) ഇത് ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് വിനിയോഗിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വായ്പകളുടെ വ്യവസ്ഥകളും നിബന്ധനകളും എന്തെന്നു പറയുമോ;

(ഡി) ഇതിൽ എന്തു തുക നബാർഡിന് ഇതിനകം തിരിച്ചടച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത വായ്പകൾകൊണ്ട് ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കുകയോ പണി നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യുന്നുണ്ട്;

(എഫ്) ഈ പദ്ധതികളുടെ അവലോകനം നടത്തുവാൻ സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ജി) എത്ര തവണ അവലോകനം നടത്തിയിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) മൊത്തം 167.99 കോടി രൂപ.

(ബി) നബാർഡിന്റെ ആർ.ഐ. ഡി.എഫ്. I, II, III, IV എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഇപ്പോൾ താഴെ പറയുന്ന വിവിധ പ്രോജക്ടുകൾ നടപ്പാക്കി വരുന്നു. ' കണക്കൻകടവ് മീഡിയം ജലസേചന പദ്ധതി, ചെറുകിട ജലസേചന പദ്ധതികൾ, കാരപ്പുഴ മീഡിയം ജലസേചന പദ്ധതി, തൃശ്ശൂർ കോൾ ലാൻഡ് വികസന പദ്ധതി. ചിമ്മിണി ഡാം പദ്ധതി, മണ്ണ്ജല സംരക്ഷണ (നീർമറി) പദ്ധതികൾ, പഴശ്ശി മീഡിയം ജലസേചന പദ്ധതി,

LIBRARY ARCHIVES Kerala Legislative Assembly